## കുട്ടികളുടെ ക്ഷേമത്തിന് പദ്ധതി

*23 [362] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ക്ഷേമത്തിന് സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നുണ്ട്;

(ബി) ഏതെല്ലാം പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) കുട്ടികളുടെ ക്ഷേമത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും ക്ഷേമസ്ഥാപനങ്ങളും ചുവടെ ചേർക്കുന്നു:

1. ഐ.സി.ഡി.എസ്. പദ്ധതി
2. ബാലികാസമൃദ്ധിയോജന പദ്ധതി
3. ചിൽഡ്രൻസ് ഹോമുകൾ
4. ഹോം ഫോർ മെന്റലി ഡെഫിഷന്റ് ചിൽഡ്രൻ
5. കെയർഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ
6. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റികാപ്പ്ഡ്
7. ഒബ്സർവേഷൻ ഹോമുകൾ
8. സ്പെഷ്യൽ ഹോമുകൾ
9. ജുവനൈൽ ഹോമുകൾ
10. ഓർഫനേജുകൾ
11. വികലാംഗരായ കുട്ടികൾക്കുള്ള വിവിധ സഹായ പദ്ധതികൾ

(ബി) 2004-2005 സാമ്പത്തികവർഷത്തിൽ വിവിധ ക്ഷേമസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികൾക്കായി താഴെപ്പറയുന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ബാലമേളകൾ, തെരുവുകുട്ടികൾക്കായുള്ള പരിപാടികൾ, ജുവനൈൽ ജസ്റ്റീസ് ആക്ടിനെക്കുറിച്ചുള്ള പരിശീലന പരിപാടികൾ, കുട്ടികളേയും മറ്റും പോഷകാഹാര കുറവിൽ നിന്ന് പൂർണ്ണമായി വിമുക്തമാക്കുന്നതിന് 'മാൽ ന്യൂട്രീഷൻ ഫ്രീ കേരള' എന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly